തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: രാവിലെയുള്ള ചോദ്യത്തിന് ഉത്തരമായി ഇതെല്ലാം പറഞ്ഞതാണ്. Scattered വിഭാഗം തൊഴിലാളികളുടെ ക്ഷേമപദ്ധതി കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. വരുമാനവും ചെലവും തമ്മിലുള്ള അന്തരമാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. അത് എങ്ങനെ മെച്ചപ്പെടുത്തി കൂടുതൽ തൊഴിലുടമകളെ രജിസ്റ്റർ ചെയ്ത് ക്ഷേമപദ്ധതിയുടെ മൊത്തത്തിലുള്ള പണം പൂൾ ചെയ്ത് എങ്ങനെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കാൻ കഴിയുമെന്നത് വളരെ ഗൗരവമായി തന്നെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബോർഡുമായിട്ട് ആലോചിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പുതിയാപ്പയിൽ കപ്പലിൽ ഇടിച്ച് മുങ്ങിയ മത്സ്യബന്ധന ബോട്ടിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. എ. സി. ഷണ്മുഖദാസ്: സർ, മിനിഞ്ഞാന്ന് കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ നിന്ന് ഫിഷിംഗിന് പോയ ബോട്ട് ഉൾക്കടലിൽ വച്ച് കപ്പലുമായി കൂട്ടിയിടിച്ച് ബോട്ട് മുഴുവൻ കടലിൽ താണു. ഭാഗ്യത്തിന് അതുവഴി വന്ന മറ്റൊരു ഫിഷിംഗ് ബോട്ടിൽ അവർ രക്ഷപ്പെട്ടു. ഇത്തരം അപകടമുണ്ടായാൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിലും അതുപോലെ പോർട്ട് ഡിപ്പാർട്ടുമെന്റിലും rescue സംവിധാനങ്ങളുടെ അപര്യാപ്തതയുണ്ട്. ബോട്ടുകൾ ഇൻഷ്വർ ചെയ്തിട്ടില്ല. അവർക്ക് പണവും കിട്ടില്ല. പാവപ്പെട്ട തൊഴിലാളികളാണ്. കപ്പൽ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കണ്ടെത്തിയിരുന്നുവെങ്കിൽ കപ്പലിൽ നിന്ന് നഷ്ടം നികത്താമായിരുന്നു. അതുകൊണ്ട് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: 10-2-2005-ന് വെളുപ്പിന് രണ്ട് മണിക്ക് കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ നിന്ന് മത്സ്യബന്ധനത്തിനുപോയ ബോട്ട് വെളുപ്പിന് 4.30-ന് പുതിയാപ്പ പടിഞ്ഞാറ് 22 മാറകലെ കപ്പലിൽ ഇടിച്ചതായി 10.10-ന് ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിൽ വിവരം ലഭിച്ചു. ഉടൻ തന്നെ ഫിഷറീസ് വകുപ്പിന്റെ .....

മി. സ്പീക്കർ: ആ സംഭവം വിശദീകരിക്കണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കപ്പലിൽ ലൈറ്റുണ്ടായിരുന്നില്ല. മംഗലാപുരം പോർട്ടിന്റെ ടഗ്ഗ് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കപ്പലിനെ സംബന്ധിച്ചുള്ള വിവരങ്ങളും പരാതികളും കൈകാര്യം ചെയ്യുന്നത് പോർട്ട് വകുപ്പാണ്. പോർട്ട് വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(4) പ്ലസ് ടു പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്കിടയിൽ നിലനിൽക്കുന്ന ആശങ്കകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: പ്ലസ് ടു സ്കൂളുകളിൽ പ്രവേശനം കിട്ടാത്ത പതിനായിരക്കണക്കിന് കുട്ടികൾ പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. ഗ്രേഡിംഗ് സമ്പ്രദായം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വന്നതിന്റെ ഭാഗമായി പ്ലസ് ടുവിന് പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രോജക്ട് അസൈൻമെന്റ് വിശകലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് വലിയ ആശങ്കയുണ്ട്. അതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, ശ്രീ. ചെന്താമരാക്ഷന്റെ സബ്മിഷൻ പ്രകാരം ഞങ്ങൾ ഇവിടെ ഈ കുട്ടികൾക്ക് വേണ്ടി, ഒന്നാമത് ചെയ്യാൻ പോകുന്നത് ഓപ്പൺ സ്ട്രീം ഒന്നുകൂടി ശക്തിപ്പെടുത്തുക എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ കുറെ പ്രശ്നം പരിഹരിച്ചുപോകും. ഗവൺമെന്റ് സ്കൂളുകളിൽക്കൂടി പ്ലസ് ടു കൊടുക്കുന്ന ഒരു പദ്ധതിയും ആലോചിച്ചുകൊണ്ടിരിക്കുന്നു. ഫൈനലായിട്ടില്ലെങ്കിലും അങ്ങനെ സീറ്റിന്റെ കാര്യത്തിൽ ഒരു വർദ്ധനവ് കൂടി ഉണ്ടാക്കി ഓപ്പൺ സ്ട്രീം കുറച്ചുകൂടി ശക്തിപ്പെടുത്താനാണ് ആലോചിക്കുന്നത്.

(5) കോതകുളങ്ങര (നോർത്ത്) മലയാറ്റൂർ കുടിവെള്ള പദ്ധതികൾ

ശ്രീ. പി. ജെ. ജോയി: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ കോതകുളങ്ങര (നോർത്ത്) മലയാറ്റൂർ ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ബഹുമാനപ്പെട്ട പി. ജെ. ജോയി എന്നോട് നേരത്തെ ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly